**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 233** **22-01-2021 - ൽ മറുപടിയ്ക്ക്**

**പഠനവീട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എം . ഉമ്മർ ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . അബ്ദുൽ ഹമീദ് .പി .** | | **Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടെയും കൊഴിഞ്ഞു പോക്കിന്റെയും നിരക്ക് കൂടുതലാണോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | (എ) | സ്കൂൾ തലത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടെ നിരക്കും കൊഴിഞ്ഞു പോക്കിന്റെ നിരക്കും കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2020-ലെ സാമ്പത്തിക അവലോകനത്തിലെ കണക്കുകൾ പ്രകാരം സ്കൂൾ തലത്തിലെ മൊത്തം കൊഴിഞ്ഞു പോക്ക് നിരക്ക് 0.11% വും പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് നിരക്ക് 0.13% ഉം, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് നിരക്ക് 1.16%വുമാണ്. 2020 മാർച്ചിലെ SSLC വിജയശതമാനം പൊതുവെ 98.82%മാണ്. SC 97.7% വും ST 91% വും വിജയിച്ചിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ചില വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കാതെ പഠനം ഉപേക്ഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ തോൽവിയും കൊഴിഞ്ഞുപോക്കും ഗണ്യമായി കുറഞ്ഞിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഗോത്രബന്ധു പദ്ധതി പ്രകാരം അദ്ധ്യാപക യോഗ്യതയുള്ള പട്ടികവർഗ്ഗ യുവതീ യുവാക്കളെ സ്കൂളിൽ നിയമിച്ചുകൊണ്ട് ഗോത്ര ഭാഷയിൽതന്നെ അദ്ധ്യയനം നടത്തുന്നതിനാൽ സ്കൂളിൽ നിന്ന് ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വയനാട് ജില്ലയിൽ 2016-17 വർഷം 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞു പോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 ൽ 111 ആയും 2019-20 വർഷത്തിൽ 63 ആയും |

| | | | |
|---|---|---|---|
| | | | കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ പ്രൈമറി ക്ലാസ്സുകളിലെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഇല്ലാതാക്കുവാൻ സാധിച്ചിട്ടുണ്ട്. പട്ടികവർഗ വിദ്യാർത്ഥികളുടെ തോൽവി നിരക്ക് കൂടുതലാണെന്ന് കണ്ടെത്തിയിട്ടില്ല. 2019-20അധ്യയനവർഷം എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ പട്ടികവർഗ വിദ്യാർത്ഥികളുടെ വിജയശതമാനം 88% ഉം, +2 പരീക്ഷ എഴുതിയ പട്ടികവർഗ വിദ്യാർത്ഥികളുടെ വിജയശതമാനം 67 ശതമാനവുമാണ്. പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ വിജയശതമാനം 100% ആണ്. +2 പാസായ വിദ്യാർത്ഥികളുടെ വിജയശതമാനം 80.16% ആണ്. 2019-20ൽ പട്ടികവർഗക്കാരായ 376 വിദ്യാർത്ഥികൾ വിവിധ മെഡിക്കൽ കോഴ്സുകൾക്കും 324 വിദ്യാർത്ഥികൾ എഞ്ചിനിയറിംഗ് കോഴ്സുകൾക്കും പഠനം നടത്തിവരുന്നു. എം.ബി.എ, എം.സി.എ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് 54 വിദ്യാർത്ഥികളും, പി.എച്ച്.ഡി-18, എം.ഫിൽ-12, പി.ജി.-606 വിദ്യാർത്ഥികളും, ബി.എഡ്, ബി.എസ്.സി.നേഴ്സിംഗ്, ബിഫാം തുടങ്ങി കോഴ്സുകൾക്ക് 240 വിദ്യാർത്ഥികളും എൽ.എൽ.ബി/ എൽ.എൽ.എം കോഴ്സിന് 42 വിദ്യാർത്ഥികളും, ബിരുദ കോഴ്സുകൾക്ക് 4464 വിദ്യാർത്ഥികളും , തൊഴിലധിഷ്ഠിത ഡിപ്ലോമ കോഴ്സുകൾക്ക് 853 വിദ്യാർത്ഥികളും, ടി.ടി.സി/ഡി.എഡ് കോഴ്സിന് 354 വിദ്യാർത്ഥികളും, ഹയർ സെക്കന്ററി തലത്തിൽ 8334 വിദ്യാർത്ഥികളും,ഒന്നു മുതൽ 10-ാം ക്ലാസ് വരെ 73434 പട്ടികവർഗ വിദ്യാർത്ഥികളും പഠനം നടത്തി വരുന്നു. ഈ വസ്തുതകൾ പരിഗണിക്കുമ്പോൾ പട്ടികവർഗ വിദ്യാർത്ഥികളുടെ തോൽവി നിരക്ക് കൂടുതലല്ലെന്ന് വ്യക്തമാണ്. |
| (ബി) | പ്രസ്തുത വിഭാഗങ്ങളിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | (ബി) | പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1. സാമൂഹ്യപഠനമുറി പട്ടികവർഗ്ഗകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും, ലഘുഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സമൂഹ്യപഠനമുറി. നിലവിൽ 250 സാമൂഹ്യ പഠന മുറികളിലായി 7392 വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നു. 2. ഗോത്രബന്ധു വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് |

| | | | |
|---|---|---|---|
| | | | തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലിനൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു. 3. വിദൂരമായ പ്രദേശങ്ങളിൽ നിന്നും വിദ്യാർത്ഥികളെ വാഹന സൗകര്യം ഏർപ്പെടുത്തി സ്കൂളിലെത്തിക്കുന്നതിന് ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നു. 4. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ വിവിധ രീതിയിലുള്ള സ്വഭാവ വൈകാരിക മാനസിക പ്രശ്നങ്ങൾക്ക് വിദഗ്ധ പരിചരണം ഉറപ്പു വരുത്തുന്നതിനായി 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 5. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതും വിവിധ കോളേജുകളിൽ എഞ്ചിനീയറിംഗ് കോഴ്സിന് പ്രവേശനം ലഭിച്ച് പഠനം നടത്തുന്നവരും, വിവിധ കാരണങ്ങളാൽ പഠനം പൂർത്തീകരിക്കാത്തതുമായ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി എഞ്ചിനീയറിംഗ് കോഴ്സ് വിജയകരമായി പൂർത്തിയാകുന്നതിന് 'സമുന്നതി' എന്ന റെമഡിയൽ കോച്ചിംഗ് പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. പട്ടികജാതി വികസന വകുപ്പ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പ്രീ-മെട്രിക് ഹോസ്റ്റലുകളിലും പഠന കാര്യങ്ങളിൽ കുട്ടികളെ സഹായിക്കുന്നതിനായി മേട്രൻ-കം-റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്കായി ട്യൂഷൻ സിസ്റ്റവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷ്, ഹിന്ദി, സോഷ്യൽ സ്റ്റഡീസ്, നാച്ചുറൽ സയൻസ്, ഫിസിക്കൽ സയൻസ് എന്നീ വിഷയങ്ങളിൽ പ്രത്യേക ട്യൂഷൻ നൽകുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി അധിക സമയം ക്ലാസ്സുകൾ നൽകുന്നുണ്ട്. |
| (സി) | പ്രസ്തുത വിദ്യാർത്ഥികൾക്കായി പഠനവീട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ യഥാക്രമം പഠനമുറി, സാമൂഹ്യപഠനമുറി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/ ടെക്നിക്കൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിനോടൊപ്പം 'പഠനമുറി' നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. 2017-18 വർഷം |

| | | | |
|---|---|---|---|
| | | | മുതൽ ടി പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് 500 സാമൂഹ്യപഠനമുറികൾ സ്ഥാപിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് തിരുമാനിച്ചിട്ടുണ്ട്. അതിൽ 250 സാമൂഹ്യപഠനമുറികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു സാമൂഹ്യപഠനമുറിയിൽ ഒരേ സമയം 30 വിദ്യാർത്ഥികൾക്ക് പഠനം നടത്തുന്നതിനുള്ള ഭൗതികസാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നിലവിൽ 250 സാമൂഹ്യപഠനമുറികളിലായി 7392 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ